തിയറി ക്ലാസുകളുടെ സൗകര്യം വർദ്ധിപ്പിക്കുന്നതിന് LCD പ്രൊജക്ടർ, ഫോട്ടോകോപ്പിയർ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ സജ്ജമാക്കിയിട്ടുണ്ട്. എല്ലാ ITI കൾക്കും വെബ്സൈറ്റ് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ITI യിലെ അദ്ധ്യാപകർക്ക് CTI-യുടെ വിവിധ സെന്ററുകളിൽ അയച്ച് ട്രെയിനിംഗ് നൽകിവരുന്നു.

വിജ്ഞാൻവാടി കേന്ദ്രങ്ങൾ

234 (6939) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എല്ലാ പഞ്ചായത്തുകളിലും വിജ്ഞാൻവാടി കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ;

(ബി) നിലവിൽ എത്ര വിജ്ഞാൻവാടികൾ സംസ്ഥാനത്തു പ്രവർത്തിക്കുന്നുണ്ടെന്നും ഇവയുടെ പ്രവർത്തനങ്ങൾ പരിശോധിച്ചിട്ടുണ്ടോയെന്നുമുള്ള വിശദാംശം നല്കാമോ ;

(സി) വിജ്ഞാൻവാടികളുടെ സേവനം കൂടുതൽപേർക്ക് ലഭ്യമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദീകരിക്കാമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ 140 നിയോജക മണ്ഡലങ്ങളിലുമായി 1000 വിജ്ഞാൻവാടികൾ ആരംഭിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്.

(ബി) ഒന്നാംഘട്ടത്തിൽ ലഭ്യമായ 70 കെട്ടിടങ്ങളിൽ വിജ്ഞാൻവാടികൾ ആരംഭിച്ചിട്ടുണ്ട്. രണ്ടാംഘട്ടത്തിൽ വിജ്ഞാൻവാടി ആരംഭിക്കുന്നതിനായി കേരള പോലീസ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ നിർമ്മാണം പൂർത്തിയാക്കിയ 37 കെട്ടിടങ്ങളിൽ വൈദ്യുതി, ഇന്റർനെറ്റ് ലഭിക്കുന്നതിനുള്ള ടെലിഫോൺ കണക്ഷൻ എന്നിവ ലഭിക്കുന്ന മുറയ്ക്ക് പ്രവർത്തനം ആരംഭിക്കുന്നതാണ്. വിജ്ഞാൻവാടി സഹിതി ചെയ്യുന്ന പ്രദേശത്തെ പട്ടികജാതി വികസന ഓഫീസർ, SC പ്രൊമോട്ടർമാർ എന്നിവർ ചേർന്ന് പ്രവർത്തനം പരിശോധിക്കാറുണ്ട്.

(സി) കൂടുതൽ വിജ്ഞാൻവാടികൾ തുടങ്ങുന്ന മുറയ്ക്ക് കൂടുതൽ ആളുകൾക്ക് ഇതിന്റെ സേവനം നൽകാൻ കഴിയുന്നതാണ്.

കായംകുളം പോസ്റ്റ് മെട്രിക് ഹോസ്റ്റൽ

235 (6940) ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കായംകുളത്ത് അനുവദിച്ച പോസ്റ്റ് മെട്രിക് ഹോസ്റ്റലിന്റെ നിർമ്മാണത്തിലുള്ള കാലതാമസത്തിന്റെ കാരണമെന്തെന്ന് വ്യക്തമാക്കാമോ ;

(ബി) നിർമ്മാണപ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) 30-3-2011-ലെ സ.ഉ.(സാധാ)നമ്പർ353/2011/പജ.പവ.വിവ. പ്രകാരം കായംകുളം പോസ്റ്റ് മെട്രിക് ഹോസ്റ്റലിനായി ഭരണാനുമതി നൽകിയിരുന്ന 17 സെന്റ് സ്ഥലം പെൺകുട്ടികൾക്കായി പോസ്റ്റ് മെട്രിക് ഹോസ്റ്റൽ പണിയുന്നതിന് അനുയോജ്യമല്ലെന്നും നിർദ്ദിഷ്ട സ്ഥലത്തിന് സമീപം ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ എണ്ണം കുറവാണെന്നും കണ്ടതിനെത്തുടർന്ന് പ്രസ്തുത സ്ഥലത്ത് പണിയാൻ ഉദ്ദേശിച്ചിരുന്ന പോസ്റ്റ് മെട്രിക് ഹോസ്റ്റൽ ചേർത്തല തെക്ക് വില്ലേജിലെ സർവ്വെ നമ്പർ304/2 A-യിൽ ഉൾപ്പെട്ട സ്ഥലത്ത് പണിയുന്നതിന് 7-10-2013-ലെ സ.ഉ.(സാധാ.)നമ്പർ1389/2013/പജ.പവ. വിവ. പ്രകാരം ഉത്തരവായിട്ടുണ്ട്. 21-2-2014-ലെ സ.ഉ.(സാധാ)നമ്പർ367/2014/ പജ.പവ.വിവ. പ്രകാരം ചേർത്തല പോസ്റ്റ് മെട്രിക് ഹോസ്റ്റൽ നിർമ്മാണത്തിന് 396 ലക്ഷം രൂപയുടെ ഭരണാനുമതിയും നൽകിയിട്ടുണ്ട്.

ഗുണനിലവാരം ഇല്ലാത്ത സൈക്കിളുകളുടെ വിതരണം

236 (6941) ശ്രീ. ഇ. ചന്ദ്രശേഖരൻ :
ശ്രീ. വി. ശശി :
ശ്രീ. കെ. അജിത് :
ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം പട്ടികജാതി വിഭാഗത്തിൽപ്പെട്ട എത്ര വിദ്യാർത്ഥികൾക്കാണ് സൈക്കിളുകൾ നൽകിയതെന്ന് ജില്ലതിരിച്ച് കണക്കുകൾ ലഭ്യമാക്കുമോ ;

(ബി) വിതരണംചെയ്ത സൈക്കിളുകൾ ഗുണനിലവാരമില്ലാത്തതാണെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) പ്രസ്തുത സൈക്കിളുകൾ വിതരണംചെയ്ത കമ്പനികൾക്കെതിരെ ഗുണനിലവാരം കുറഞ്ഞു എന്നതിന്റെപേരിൽ നിയമനടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു :

ജില്ല	എണ്ണം
തിരുവനന്തപുരം	5883
കൊല്ലം	5393
പത്തനംതിട്ട	2503

LIBRARY ARCHIVES Kerala Legislative Assembly